ഉത്തരം

(എ) സംസ്ഥാന അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ ജീവനക്കാരും ലാ ഓഫീസറന്മാരും അടക്കം മൊത്തം 382 പേർ ജോലി ചെയ്യുന്നുണ്ട്.

(ബി) അഡ്വക്കേറ്റ് ജനറൽ ഓഫീസ് പ്രവർത്തിക്കുന്നത് പ്രധാനമായും മൂന്ന് കെട്ടിടങ്ങളിലാണ്. ഇതിൽപ്രധാന കോർട്ട് സെക്ഷനുകൾ പ്രവർത്തിക്കുന്നത് വളരെ പഴകിയ കെട്ടിടത്തിലാണ്. ഇത് മിലിട്ടറി ബാരക്കായിരുന്നു എന്ന് പറയപ്പെടുന്നു.

(സി) യോഗം ചേർന്നിരുന്നു.

(ഡി) തിരുമാനിയ്ക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ 57270.211 ചതുരശ്ര അടിസ്ഥലം നിലവിലുള്ള പഴയ ഹൈക്കോടതി മന്ദിരങ്ങളിൽ (10 കെട്ടിടങ്ങളിലായി) നൽകാനും. 607.768 ചതുരശ്ര അടിസ്ഥലം അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, പബ്ലിക് പ്രോസിക്യൂട്ടർ, സ്റ്റേറ്റ് അറ്റോർണി, മറ്റ് ലോ ഓഫീസർമാർ എന്നിവർക്ക് ചേംബർ സൗകര്യം നൽകുന്നതിനുമായി പുതിയ ഹൈക്കോടതി മന്ദിരത്തിലും (മൊത്തം 57878 ചതുരശ്ര അടി) അഡ്വക്കേറ്റ് ജനറൽ ഓഫീസിനുവേണ്ടി നൽകാനും തീരുമാനമായിട്ടുണ്ട്. ഇക്കാര്യം ഹൈക്കോടതി രജിസ്ട്രർ 2002 ആഗസ്റ്റ് 16-ാം തീയതിയിലെ ജെ. 1/47034/നമ്പർ അർദ്ധ ഔദ്യോഗിക കത്ത് 75 (വാല്യം 7) പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ ടെലിഫോൺ ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് നടപടി

35 (4314) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ പി.എ.ബി. എക്സ്. സമ്പ്രദായത്തിന് ഇപ്പോൾ എത്ര ജംഗ്ഷനുകളും എക്സ്റ്റൻഷനുകളും ഉണ്ടെന്ന് വെളിപ്പെടുത്തുമോ :

(ബി) ഇതിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഭരണാനുമതി നൽകിയിട്ടുണ്ടോ :

(സി) ഇവിടെയുള്ള പി. എ. ബി. എക്സ്. സമ്പ്രദായം കൈകാര്യം ചെയ്യുവാൻ ടെലിഫോൺ ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ടോ :

(ഡി) സംസ്ഥാനത്താകമാനമുള്ള ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട ഈ ഓഫീസിലെ പി. എ. ബി. എക്സ് നിയന്ത്രിക്കുന്നത് ഒരു ടെലിഫോൺ അറ്റൻഡറും ഒരു ക്ലറിക്കൽ അസിസ്റ്റന്റും കൂടിയാണോ :

(ഇ) പ്രസ്തുത ഓഫീസിന് ആവശ്യമായ ടെലിഫോൺ ഓപ്പറേറ്റർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ പി. എ. ബി. എക്സിൽ ഇപ്പോൾ 5 ടെലിഫോൺ ലൈനുകളും 110 എക്സ്റ്റൻഷനുകളും ഉണ്ട്.

(ബി) അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ടെലിഫോൺ എക്സ്ചേഞ്ചിന്റെ ശേഷി 240 എക്സ്റ്റൻഷനുകളായി വർദ്ധിപ്പിക്കുവാൻ 10-6-2003-ലെ സർക്കാർ ഉത്തരവ് (സ) നമ്പർ 444/നിയമം/03 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി) പി. എ. ബി. എക്സ് സമ്പ്രദായം കൈകാര്യം ചെയ്യാൻ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്.

(ഡി) അതെ.

(ഇ) ഒരു ടെലിഫോൺ ഓപ്പറേറ്ററുടെ തസ്തിക സൃഷ്ടിക്കാനുള്ള പരിഗണനയിലാണ്.

അഡ്വക്കേറ്റ് ജനറൽ ഓഫീസിനെ സംബന്ധിച്ച്
പി. ആൻഡ് എ. ആർ. ഡി. യുടെ പഠനം

36 (4315) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1990-ൽ 1989 അടിസ്ഥാനവർഷമാക്കി സംസ്ഥാന അഡ്വക്കേറ്റ് ജനറൽ ഓഫീസിനെ സംബന്ധിച്ച് പി. ആന്റ് എ. ആർ. ഡി. പഠനം നടത്തുക ഉണ്ടായോ :

(ബി) പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ 1995-ലെ അദ്ധ്യാനഭാരം മുൻനിർത്തി അവിടെ എത്ര തസ്തികകൾ അധികമായി സൃഷ്ടിക്കണമെന്ന് കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പഠന റിപ്പോർട്ടിൽ മറ്റ് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത് ;

(ഡി) അധിക തസ്തിക സൃഷ്ടിക്കുന്നതിനും മറ്റു കാര്യങ്ങൾ തീരുമാനിക്കുന്നതിനും 13-8-1997-ൽ നിയമവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഹൈലെവൽ കോൺഫറൻസ് നടത്തുകയുണ്ടായോ ;

(ഇ) പ്രസ്തുത കോൺഫറൻസിൽ എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(എഫ്) അധികമായി എത്ര തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് പ്രസ്തുത കോൺഫറൻസിൽ തീരുമാനമായത് ;

(ജി) മുൻ സർക്കാർ അധികാരത്തിൽ നിന്ന് പോകുന്നതിന് മുമ്പ് അധിക തസ്തികകളിൽ നിയമനം നടത്തുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര പേരെ നിയമിയ്ക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്നും എത്ര പേരെ ഇതിനകം നിയമിച്ചുവെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly